**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2669** **06-10-2025 - ൽ മറുപടിയ്ക്ക്**

**ആഗോള നിക്ഷേപക സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ആഗോള നിക്ഷേപക സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ASCEND 2019, ASCEND 2020 ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 എന്നീ നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിച്ചിരുന്നു. |
| (ബി) | ഓരോ ആഗോള നിക്ഷേപക സംഗമത്തിലും എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്; യഥാർത്ഥത്തിൽ എത്ര കോടി രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ASCEND 2019, ASCEND 2020 എന്നീ സംഗമങ്ങളിലൂടെ ആകെ 33,301.94 കോടി രൂപയുടെ നിക്ഷേപ താൽപര്യം ലഭിച്ചിരുന്നു അതിൽ 2259.26 കോടി രൂപയുടെ 47 പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു. 6010.22 കോടി രൂപയുടെ 32 പദ്ധതികൾ പല ഘട്ടങ്ങളിലാണ്.<br><br>ഈ സർക്കാരിന്റെ കാലത്ത്, സംസ്ഥാനത്തെ നിക്ഷേപക സൗഹൃദാന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തുന്നതും, കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതും, 2025 ഫെബ്രുവരി 21-22 തീയതികളിലായി എറണാകുളത്ത് വെച്ച് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 നടത്തിയിരുന്നു. ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ശക്തിപ്പെടുത്താനും, ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടാനും പ്രസ്തുത സമ്മിറ്റിലൂടെ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത സംഗമത്തിൽ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താല്പര്യ പത്രങ്ങളാണ് ലഭിച്ചത്. ഇതിലൂടെ അഞ്ച് ലക്ഷത്തിലധികം തൊഴിൽ അവസരങ്ങളും സംസ്ഥാനത്തേക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ടൂറിസം, ഭക്ഷ്യ സംസ്കരണം, ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണം, ഐ.ടി/ ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾ, മരാധിഷ്ഠിത വ്യവസായങ്ങൾ, റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത്കെയർ, ആയുർവേദ & വെൽനെസ്സ് തുടങ്ങി |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ ശക്തവും സുസ്ഥിരവുമായ മേഖലകളിലാണ്, മേൽ പറഞ്ഞ നിക്ഷേപ താല്പര്യ പത്രങ്ങളിൽ അധികവും ലഭിച്ചിരിക്കുന്നത്.<br><br>നിലവിൽ ഇതുവരെ 98 നിക്ഷേപ താൽപര്യ പത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,754.750 കോടിയുടെ നിക്ഷേപവും, 49,082 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതാണ്. ഇത് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ സംസ്ഥാനത്തിന് ലഭിച്ച നിക്ഷേപ താൽപര്യ പത്രങ്ങളുടെ 21.82 % വരുന്നതാണ്. |
| (സി) | ആഗോള നിക്ഷേപക സംഗമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആരംഭിച്ച വൻകിട വ്യവസായ സംരംഭങ്ങൾ ഏതെല്ലാം; പട്ടിക ലഭ്യമാക്കുമോ? | (സി) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ നിക്ഷേപം താല്പര്യം സമർപ്പിച്ച് നിലവിൽ നിർമ്മാണം ആരംഭിച്ച, നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായിരിക്കുന്ന വൻകിട നിക്ഷേപ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No | Company | Investment Sector | Project Cost (in Crores) | Expected Employment | District |
|---|---|---|---|---|---|
| 1 | Hilite Group | Retail & E-Commerce | 10000 | 2000 | Kozhikode |
| 2 | BPCL | Petroleum Products | 10000 | 10000 | Ernakulam |
| 3 | BPCL-Palakkad | Petroleum Products | 880 | 100 | Palakkad |
| 4 | Dynimated, KXAN Technologies Pvt Ltd | IT/ITES | 866.88 | | Ernakulam |
| 5 | KEF Hospitality India Pvt. Ltd. | Ayurveda & Wellness | 800 | 149 | Malappuram |
| 6 | Bluestar Realtors Limited (Adani Group) | Logistics, Packaging & Warehousing | 600 | 1000 | Ernakulam |
| 7 | Gasha Steels Pvt. Ltd. | Metal / Mineral-based Industries | 510 | 200 | Palakkad |
| 8 | Boby Chemmannur International | Tourism & Hospitality | 500 | 1000 | Thrissur |
| 9 | BMH Care Hospitals | Healthcare | 500 | 2000 | Ernakulam |
| 10 | Kalyan Silks Trichur Pvt Ltd | Retail & E-Commerce | 500 | 650 | Thrissur |
| 11 | NRI Project Management India PVT Ltd | Infrastructure / Township - Commercial | 500 | 2500 | Malappuram |
| 12 | KMCT Group of Institutions | Education, Skilling & Consulting | 500 | 500 | Kasaragod |

Hari

സെക്ഷൻ ഓഫീസർ